# ഇരുട്ട്

**ഇഖ്ലാസ് ഒറ്റമാളിക**

**അ**ച്ഛന്‍ ഇന്നും ഉറങ്ങാതിരിക്കുകയാണ്, ഇരുട്ടത്ത്. അടുക്കളയില്‍ നിന്നും വെള്ളം കുടിച്ചു തിരിച്ചുവരുമ്പോഴും കോലായില്‍ അച്ഛന്‍ അതേ ഇരിപ്പുതന്നെ. ചാരുകസേരയില്‍ കിടന്നു, കൈ രണ്ടും നെഞ്ചത്ത്കെട്ടി, ഇരുട്ടിലേക്ക് തുറിച്ചുനോക്കി. എന്തിനാണ് അച്ഛന്‍ രാത്രിയില്‍ ഉറങ്ങാതിരിക്കുന്നത്?

" അച്ഛാ" അയാള്‍ കസേരയുടെ അടുത്തു ചെന്നു വിളിച്ചു.
മറുപടിയായി അച്ഛന്‍ നീട്ടിമൂളി.

" അച്ഛനെന്തിനാ ഇരുട്ടത്തിരിക്കുന്നെ"

" വെറുതെ.."

" ഉറങ്ങണ്ടെ..നേരം കുറെയായി"

" ആ.." അച്ഛന്‍ അതിനും മൂളി.

അയാളുടെ ഒരു വലിയ ആവലാതിയായി മാറികഴിഞ്ഞിരുന്നു, അച്ഛന്‍. വിമാനതാവളത്തില്‍, കറങ്ങുന്ന കണ്‍വെയര്‍ ബെല്‍ട്ടില്‍ നിന്നും പെട്ടികളെടുത്ത് ട്രോളിയില്‍ വെച്ചു ഉന്തിപുറത്തേക്ക് നടക്കുമ്പോള്‍ ആദ്യം ശ്രദ്ധിച്ചത്അതാണ്. മുന്നിലെ കൊച്ചുആള്‍ക്കൂട്ടത്തിനു പിന്നില്‍ കൈവീശി നില്‍ക്കുന്ന അച്ഛന്‍.. അച്ഛന് പെട്ടെന്ന് വയസ്സായിരിക്കുന്നു. ക്ഷീണിച്ച, ചിരിക്കുന്ന മുഖത്തിനും നരച്ച മുടികള്‍ക്കുമപ്പുറം കുറെയേറെ വര്‍ഷങ്ങള്‍ കടന്നുപോയിരിക്കുന്നു. മൂന്നു വര്‍ഷങ്ങള്‍ക്കു ശേഷം ആദ്യമായാണ് നാട്ടില്‍ വരുന്നതെന്ന കുറ്റബോധം അയാള്‍ക്കു അപ്പോള്‍ ഒരിക്കല്‍ കൂടി തോന്നി.

" നീ കെടന്നോ, ഞാന്‍ കുറച്ചു കൂടി കഴിഞ്ഞു കിടന്നോളാം" പിന്നെയും പമ്മിനില്‍ക്കുന്നത് കണ്ട് അച്ഛന്‍ പറഞ്ഞു. അയാള്‍ തിരിച്ചു മുറിയിലേക്ക് നടന്നു.

പിറ്റേന്ന് എഴുന്നേറ്റപ്പോള്‍ നേരം കുറെവൈകിയിരുന്നു. അമ്മ ചായയുമായി വന്നു.

" അമ്മേ, അച്ഛനെണീറ്റോ?" ഗ്ലാസ്സിന്റെ മുകളില്‍ പറ്റികിടന്നിരുന്ന പാലിന്റെ പച്ചനിറത്തിലുള്ള പാട അയാള്‍ ചൂണ്ടുവിരല്‍കൊണ്ട് എടുത്തുമാറ്റി.

" പിന്നേ..കാലത്തെണീറ്റു പറമ്പിലൊക്കെ നടക്കുന്നുണ്ട്"

" അച്ഛനെന്താ, രാത്രി ഉറക്കമൊന്നുമില്ലേ. ഇന്നലെ രാത്രീം ഉറങ്ങാതിരിക്കുന്നത്കണ്ടു."

" ആ.. അച്ഛന്‍ കിടക്കുമ്പൊ നേരം കുറെയാവും. ഇപ്പൊളെന്നും അങ്ങനെയാ"

" വല്ലായ്ക വല്ലതും"

" ഞാന്‍ ചോദിക്കുമ്പാഴെക്കെ പറയും. വെറുതെ ഇരിക്കുകയാണെന്നാ. നീ തന്നെ ചോദിക്ക്.."
അമ്മ അടുക്കളയിലേക്ക് നടന്നു.

രാത്രി ഏതോ സമയത്താണ് ഞെട്ടിയുണര്‍ന്നത്. സമയം എത്രയായാവോ?. തപ്പിപിടിച്ചു മേശമേലെ അലാറം ക്ലോക്ക് കണ്ടുപിടിച്ചു. നീലകൊച്ചുവെളിച്ചത്തില്‍ സമയം ഉണര്‍ന്നു. ഒന്നു പതിനഞ്ച്..

ശബ്ദമുണ്ടാക്കാതെ മുന്‍വശത്തേക്ക്നടന്നു. ചാരുകസേരയില്‍ അച്ഛന്‍ അനങ്ങാതെ കിടക്കുന്നുണ്ട്. എന്താണ് അച്ഛന്റെ പ്രശ്നം?. പണമാകാന്‍ വഴിയില്ല. അല്ലെങ്കില്‍ തന്നെ കൂടുതല്‍ പണമുണ്ടാക്കണമെന്ന് പറഞ്ഞു അച്ഛന്‍ വിഷമിക്കുന്നത് അയാള്‍ കണ്ടിട്ടേയില്ല. അനിതേച്ചിയും വിജയേട്ടനും കഴിഞ്ഞാഴ്ചയാണ് വന്നുപോയത്. വിജയേട്ടന് നല്ല പ്രാക്ടീസുണ്ടെന്ന് ചേച്ചി പറഞ്ഞത്. ആരോഗ്യപ്രശ്നം വല്ലതും? പണ്ടത്തെ വലിവ് ഇപ്പോള്‍ വളരെ കുറവുണ്ടന്നാണ് അമ്മ പറഞ്ഞത്. കട്ടന്‍ചായ കുടിച്ചുതുടങ്ങിയതോടെ ഷുഗറിനും നല്ല കുറവുണ്ട്. പിന്നെ ഈ അറുപതാം വയസ്സില്‍ അച്ഛനെ അലട്ടുന്നതെന്താണാവോ?

മുന്നിൽ ഒന്നും കാണാൻ വയ്യ. മുൻവാതിലിനടുത്തെ സ്വിച്ച്ബോർഡ്കണ്ടെത്താൻ കുറച്ചു പരത്തേണ്ടി വന്നു. ഒന്നു കുറുകി വെളിച്ചം കണ്ണുതുറന്നു. അച്ഛൻ ഞെട്ടി കണ്ണുരണ്ടും മൂടിപിടിച്ചു.

" അച്ഛാ.. ലൈറ്റോഫ്ചെയ്യണോ?"

"ഹും" കൈ മുഖത്ത്നിന്നു മാറ്റാതെ അച്ഛൻ പറഞ്ഞു.

അയാൾ ലൈറ്റോഫ്ചെയ്തു.

" അച്ഛൻ എന്തിനാ ഇരുട്ടെത്തിരിക്കുന്നെ?"

" വെറുതെ"

" ഉറങ്ങുന്നില്ലെ.."

" ഇത്തിരികൂടി കഴിയട്ടെ."

അയാൾ കോലായിലെ ചവിട്ടുപടിയിൽ കസേരയുടെ അടുത്തു ഇരുന്നു. മുന്നിൽ ഇരുട്ടു മാത്രം. എന്താണാവോ ഇരുട്ടത്ത് അച്ഛൻ കാണുന്നത്?..

" അച്ഛനു വല്ലായ്ക വല്ലതും തോന്നുണ്ടോ?.."

" എനിക്കൊന്നൂല്ലെടാ. ഞാൻ വെറുതെ ഇരിക്കുന്നതാ."

" ലെറ്റിടണോ"

"വേണ്ട.." അച്ഛൻ തലയാട്ടി.

" ഇരുട്ടത്താണ്എല്ലാം കാണാൻ സൗകര്യം. എന്റെ ചെറുപ്പത്തിൽ ലെറ്റേ ഇല്ലായിരുന്നു. മണ്ണെണ്ണവിളക്കായിരുന്നു. രണ്ട് വിളക്ക്. ഒന്നു അടുക്കളയിലും ഒന്ന് കോലായിലും. പക്ഷേ, അതിനു നല്ല വെളിച്ചമായിരുന്നു. എല്ലാം കാണാമായിരുന്നു. ഇരുട്ടും വെളിച്ചവും ആവശ്യമായെതെല്ലാം."

അയാൾ കോലായിൽ ഒരു പടി താഴോട്ടിരുന്നു.

കുറച്ചുനേരം ഇരുട്ടത്തേക്ക് നോക്കി. അച്ഛൻ പറഞ്ഞത് ശരിയാണ്. ഇരുട്ടത്താണ് എല്ലാം കാണാൻ സൗകര്യം. മാവിന്റെ ചെറിയ കൊമ്പുകൾക്കിടയിലൂടെ ദൂരെ എവിടെയോ നക്ഷത്രംപോലെ വെളിച്ചം മങ്ങികത്തുന്നുണ്ട്. നേരിയ കാറ്റിൽ, മുറ്റത്തിന്റെ അരികിൽ പിടിപ്പിച്ചിരുന്ന ചെടികൾ സ്വകാര്യം പറയുന്നപ്പോലെ ആടി. ഒന്നു രണ്ടു കൊതുകുകൾ ചെവിയ്ക്കടുത്തുകൂടി മൂളികടന്നുപോയി. പറഞ്ഞറിയിക്കാനാവാത്ത ഒരു നിശബ്ദത അയാളുടെ മനസ്സിൽ വന്നുനിറഞ്ഞു.

മുറ്റംനിറയെ കൊഴ്തു മറിച്ച നെൽ കറ്റകൾ. മുറ്റത്തു തകൃതിയായി ഓടിനടക്കുന്ന ആളുകൾ. അവർക്ക് മേൽനോട്ടം നൽകുന്ന കുറിയ ഒരു മനുഷ്യൻ തോർത്തെടുത്തു മുഖം തുടച്ചു. കൊച്ചുബഹളത്തിനിടയിൽ അവർക്കിടയിലൂടെ ഓടിനടക്കുന്ന ഒരു പയ്യൻ. ആ പയ്യൻ അയാളുടെ അച്ഛനാണ്. അച്ഛൻ പണ്ടുപറഞ്ഞുതരാറുള്ള അച്ഛന്റെ ചെറുപ്പകാലം അയാൾക്കോർമ്മ വന്നു.

തലമുടികൾക്കിടയിലൂടെ വിറയലായിനീങ്ങുന്ന വിരലുകളുടെ തലോടലായി, അച്ഛൻ കസേരയിൽ നിന്നു കോലായിലേക്ക് ഇറങ്ങിവന്നു. നേരിയ തണുപ്പുള്ള, മഴ ചാറുന്ന ഒരു ദിവസം, ഉറക്കത്തിൽ നിന്നും അയാളെ വിളിച്ചെഴുന്നേൽപ്പിച്ചു, ആകാശത്തിൽ നിറം വിതറിനിൽക്കുന്ന മഴനക്ഷത്രത്തെ അച്ഛൻ കാണിച്ചു തന്നത്അയാൾക്ക് അപ്പോൾ ഓർമ്മവന്നു. ആ ഓർമ്മയുടെ സ്നിഗ്ദ്ധതയിൽ തരളിതനായി നിൽക്കുമ്പോൾ ഒരു മന്ത്രിക്കലായി അച്ഛൻ അയാളോട് ചോദിച്ചു.

"നിനക്ക്..നിനക്കവിടെ സുഖം തന്നെയല്ലേ?"

ആദ്യമായാണ് അച്ഛൻ അയാളോടങ്ങിനെ ചോദിക്കുന്നത്. തല ചെറുതായി ആട്ടി, അയാൾ ഇരുട്ടത്തേക്ക് നോക്കിയിരുന്നു.

അച്ഛൻ ഇരുട്ടത്ത് ഉറങ്ങാതിരിക്കുന്നത് ഒരു അസ്വസ്ഥതയായി അയാളെ പിന്നീടൊരിക്കലും അലട്ടിയതേയില്ല.

♦♦♦